# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർ ബ്രിഡ്ജ്, തിരുവനന്തപുരം 695 001**

**www.keralacseb.kerala.gov.in , Email : info.cseb@kerala.gov.in**

☎ 0471–2468690, 2468670

## വിജ്ഞാപനം : 7/2023

**വിജ്ഞാപന തീയതി : 03/05/2023**

**നം. സി.എസ്.ഇ.ബി/ പി &എൻ /815/2023**

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി**

**2023 ജൂൺ 1 വ്യാഴം വൈകുന്നേരം 5.00 മണി**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ഒഴിവുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് താത്കാലിക അടിസ്ഥാനത്തിൽ നിയമനത്തിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു .

1. **നിയമന രീതി.** പരീക്ഷാ ബോർഡ് നടത്തുന്ന 80 മാർക്കിന്റെ OMR പരീക്ഷയുടേയും 15 മാർക്കിന്റെ അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ പരീക്ഷാ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

2. **നിയമന അധികാരി.** സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.

## വിജ്ഞാപനം നമ്പർ: – 7/2023 സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

| ക്രമ നമ്പർ | ഒഴിവുകളുടെ എണ്ണം, ശമ്പള സ്കെയിൽ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|
| 1 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ–1<br><br>40000/– (മൊത്ത ശമ്പളം) | ബി.ടെക് (കംപ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജി / ഇലക്ട്രോണിക്സ്/ കമ്മ്യൂണിക്കേഷൻ ) ,എം.സി.എ / എം.എസ്.സി ( കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി) -ൽ ഒന്നാം ക്ലാസ് ബിരുദം.<br>അഭികാമ്യം : Redhat Certifiction<br>പ്രവർത്തി പരിചയം : ഇൻസ്റ്റാളിംഗ് , കോൺഫിഗറിംഗ് ,ആൻഡ് ട്രബിൾ ഷൂട്ടിംഗ് UNIX/LINUX ൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തി പരിചയം .അഡ്മിനിസ്ട്രേഷൻ അപ്ലിക്കേഷൻ സ്റ്റാക്കിൽ പ്രവർത്തി പരിചയം .( Eg:Tom cat, JBoss, Apache, NGINX). Monitoring systems പ്രവർത്തി പരിചയം(eg. Nagios) ,scripting skills പ്രവർത്തി പരിചയം (eg. Shell scripts, perl, python). Networking Knowledge (OSI network layers , TCP/ IP).SAN storage environment with NFS mounts and physical and logical volume management പ്രവർത്തി പരിചയം. Tape library back up പ്രവർത്തി പരിചയം. |

N:B – പരീക്ഷാ കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ മാത്രമായിരിക്കും

**1**. പ്രായപരിധി 1/1/2023 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവ് അനുവദിക്കുന്നുണ്ട്. കൂടാതെ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട മുതിർന്ന വ്യക്തിക്കോ അവരുടെ അപ്രകാരമുള്ള മുതിർന്ന അംഗം മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ കുട്ടികൾക്കോ ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും , മറ്റു പിന്നാക്കവിഭാഗത്തിനും, വിമുക്തഭടൻമാർക്കും, പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് പത്ത് വർഷത്തെ ഇളവും, വിധവ കൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

**2**. OMR പരീക്ഷ 80 മാർക്കിനും അഭിമുഖം 15 മാർക്കിനും ആയിരിക്കും

**3**. പൊതു വിഭാഗക്കാർക്കും, വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പെടെയുള്ളവർക്കും (സഹകരണ ചട്ടം 183(1)) പ്രകാരം 150 രൂപ പരീക്ഷാ ഫീസായി ഒടുക്കേണ്ടതാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 50 രൂപ പരീക്ഷാ ഫീസായി ഒടുക്കേണ്ടതാണ്. **അപേക്ഷാ ഫീസ് ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്) എന്നീ ബാങ്കുകളുടെ ബ്രാഞ്ചുകളിൽ ചെല്ലാൻ വഴി നേരിട്ട് അടയ്ക്കാവുന്നതാണ്. (അതിനാവശ്യമായ ചെല്ലാൻ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ വെബ്സൈറ്റിൽ അപേക്ഷാഫോറത്തിനൊപ്പം കൊടുത്തിട്ടുണ്ട്). അല്ലെങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളിൽ നിന്നും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്ത് ക്രോസ്സ് ചെയ്ത് CTS പ്രകാരം മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മാത്രമേ പരീക്ഷാ ഫീസായി സ്വീകരിയ്ക്കുകയുള്ളൂ. അക്കൗണ്ടിൽ പണമടച്ചതിന്റെ ചെല്ലാൻ രസീത് / ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിയ്ക്കേണ്ടതും, ആ വിവരം അപേക്ഷയിൽ പ്രത്യേകം കാണിച്ചിരിയ്ക്കേണ്ടതുമാണ് വിജ്ഞാപന തീയതിയ്ക്ക് ശേഷം എടുക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റ്/ ചെല്ലാൻ മാത്രമേ അതാത് പരീക്ഷയ്ക്കായി ഫീസിനത്തിൽ പരിഗണിക്കുകയുള്ളൂ. വിശദമായ വിജ്ഞാപനവും, അപേക്ഷയുടെ മാതൃകയും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ www.keralacseb.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.** അപേക്ഷയും അനുബന്ധങ്ങളും ബോർഡ് നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ തന്നെ **2023 ജൂൺ 1 വ്യാഴം** വൈകുന്നേരം **5** മണിയ്ക്കു മുൻപായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ലഭിക്കേണ്ടതാണ്.

**4 അപേക്ഷാ ഫാറവും, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്** വിജ്ഞാപനത്തിൽ **നിഷ്കർഷിച്ചിട്ടുള്ള** മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതും അല്ലാത്ത പക്ഷം **മറ്റൊരു** അറിയിപ്പ് **കൂടാതെ തന്നെ അപേക്ഷ** നിരസിക്കുന്നതുമാണ്. **അങ്ങനെ നിരസിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസ് തിരികെ നൽകുന്നതല്ല.**

**5.**അപേക്ഷയോടൊപ്പം വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം ,വയസ്സ്, ജാതി, വിമുക്തഭടൻ, ഭിന്നശേഷിക്കാർ, വിധവ, പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (EWS) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിരിക്കണം.

**6. വിദ്യാഭ്യാസ യോഗ്യത : അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്ക് മുമ്പായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**7. അപേക്ഷകൾ പ്രത്യേകം കവറുകളിലാക്കി നേരിട്ടോ തപാൽ മുഖേനയോ സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർ ബ്രിഡ്ജ്, ജനറൽ പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695001 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

**റ്റി എം മാത്യു**

**ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി**

**സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് തിരുവനന്തപുരം**

സ്ഥലം : തിരുവനന്തപുരം

തീയതി : **03.05.2023**